# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.870

10.06.2019-ൽ മറുപടിയ്ക്ക്

## ഭരത് മുരളി നാടക പരിശീലന കളരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ ഭരത് മുരളി നാടക പരിശീലന കളരിക്കായി പണം അനുവദിച്ചത് എന്നാണെന്നും എത്ര തുക അനുവദിച്ചിരുന്നുവെന്നും അറിയിക്കുമോ; | (എ) വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനായി 23/03/2018 ലെ സ.ഉ (സാധാ) നം. 212/18/സാം.കാ.വ പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്; | (ബി) വെളിയം ഗ്രാമപഞ്ചായത്തിലെ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറിലാണ് പദ്ധതിയുടെ നിർമ്മാണച്ചുമതല നിക്ഷിപ്തമാക്കിയിട്ടുള്ളത്. |
| (സി) നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ? | (സി) ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനുള്ള സ്ഥാപനത്തിനെ കണ്ടെത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ആയത് 12/03/2019 ൽ ഓപ്പൺ ചെയ്യുകയും, 29/05/2019 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ